ഉത്തരം

(എ) 31-5-2005-ലെ കണക്കുപ്രകാരം തലശ്ശേരി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 49574 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) തലശ്ശേരി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 2004-ൽ അറിയിക്കപ്പെട്ട ഒഴിവുകളിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടവരുടെ എണ്ണം 2540 ആണ്. ഇവരിൽ 78 പേർക്ക് മാത്രമാണ് നിയമനം ലഭിച്ചിട്ടുള്ളത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകാനുള്ള [illegible] ലഭ്യമല്ല.

സംസ്ഥാനത്തെ ഐ. ടി. ഐ.-കളിലെ നിർത്തലാക്കിയ കോഴ്സുകൾ

82 [2219] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ. ടി. ഐ.-കളിൽ നിലവിലുണ്ടായിരുന്ന ഏതൊക്കെ ട്രേഡുകൾ കഴിഞ്ഞ രണ്ടു വർഷത്തിനകം നിർത്തലാക്കിയിട്ടുണ്ട്;

(ബി) ഇവ നിർത്തലാക്കുവാനുള്ള കാരണം വ്യക്തമാക്കാമോ;

(സി) നിർത്തലാക്കിയ ട്രേഡുകൾക്കുപകരം ഏതൊക്കെ ട്രേഡുകൾ പുതിയതായി അനുവദിച്ചിട്ടുണ്ട്;

(ഡി) ട്രേഡുകൾ നിർത്തലാക്കിയ എല്ലാ ഐ. ടി. ഐ.-കളിലും ഇപ്രകാരം പുതിയ ട്രേഡുകൾ അനുവദിച്ചിട്ടുണ്ടോ;

(ഇ) ഈ വർഷം ഏതൊക്കെ ട്രേഡുകൾ നിർത്തലാക്കിയിട്ടുണ്ട്;

(എഫ്) കണ്ണൂർ ഐ. ടി. ഐ.-യിൽ കഴിഞ്ഞ രണ്ടു വർഷത്തിനകം ഏതൊക്കെ ട്രേഡുകൾ ഒഴിവാക്കി; ഏതൊക്കെ പുനഃസ്ഥാപിച്ചു;

(ജി) ട്രേഡുകൾ നിർത്തലാക്കുന്നതു കാരണം ആയിരക്കണക്കിനു വിദ്യാർത്ഥികൾക്ക് പഠനസൗകര്യം നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(എച്ച്) എങ്കിൽ ഇപ്രകാരം നിർത്തലാക്കിയ എല്ലാ ട്രേഡുകളും പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിർത്തലാക്കിയ ട്രേഡുകളുടെ വിവരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്. †

(ബി) വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ ഐ. ടി. ഐ.-കൾ ആരംഭിച്ചപ്പോൾ മുതലുള്ള ട്രേഡുകളാണ് നിലവിലുള്ളത്. എന്നാൽ കാലാനുസൃതം മാറിവരുന്ന തൊഴിൽ സാദ്ധ്യതകളും പരിഗണിച്ചും ഡി. ജി. ഇ. ആർ. ടി.-യുടെ ഗൈഡ്ലൈൻ നിർദ്ദേശമനുസരിച്ചും നൂതനവും തൊഴിൽ അധിഷ്ഠിതവുമായ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ, ട്രേഡുകളുടെ നവീകരണത്തിന്റെ ഭാഗമായാണ് പഴയതും കാലഹരണപ്പെട്ടതുമായ ട്രേഡുകൾ നിർത്തലാക്കിയത്.

† അനുബന്ധം VIII കാണുക.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിർത്തലാക്കിയ ട്രേഡുകൾക്ക് പകരം പുതുതായി ആരംഭിച്ച ട്രേഡുകളുടെ വിവരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്. ‡

(ഡി) ഉണ്ട്.

(ഇ) ട്രേഡുകളുടെ നവീകരണത്തിന്റെ ഭാഗമായി ഈ വർഷം 13 ഐ. ടി. ഐ.-കളിലായി 26 യൂണിറ്റുകൾ ആഗസ്റ്റ് 2005 മുതൽ നിർത്തലാക്കാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. വിശദവിവരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്. **

(എഫ്) കണ്ണൂർ ഐ. ടി. ഐ. യിൽ കഴിഞ്ഞ 2 വർഷങ്ങളായി ഒഴിവാക്കിയതും അനുവദിച്ചതുമായ ട്രേഡുകളുടെ വിവരം താഴെ കൊടുക്കുന്നു:

	ഒഴിവാക്കിയത്	അനുവദിച്ചത്
1.	പോസ്റ്റർ ഐ.ടി.ഐ. എം.ആർ.എ.സി.	എം.ആർ.എ.സി.
2.	സ്റ്റെനോ (ഇംഗ്ലീഷ്)	ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ്

(ജി, എച്ച്) ട്രേഡുകളുടെ നവീകരണത്തിന്റെ ഭാഗമായി കാലഹരണപ്പെട്ടതും പരമ്പരാഗതവുമായ പഴയ ട്രേഡുകൾ നിർത്തലാക്കുന്നതിനോടൊപ്പം തന്നെ പകരമായി മാറിവരുന്ന തൊഴിൽ സാഹചര്യങ്ങൾ കണക്കിലെടുത്ത് കാലോചിതവും, അന്താരാഷ്ട്ര തൊഴിൽ കമ്പോളാവശ്യത്തിലധിഷ്ഠിതവുമായ നൂതനവും തൊഴിലധിഷ്ഠിതവുമായ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനാൽ പഴയ ട്രേഡുകൾ നിർത്തലാക്കുന്നതുകാരണം വിദ്യാർത്ഥികൾക്ക് പഠന സൗകര്യം നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നില്ല.

ഐ. ടി. ഐ.-കളിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കോഴ്സ്

83 [2220] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്പിറ്റൽ മാനേജ്മെന്റ് കോഴ്സ് ഐ. ടി. ഐ.-കളിൽ ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടോ;

(ബി) ആയതിന് എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്താമോ;

(സി) ഏതെല്ലാം ഐ. ടി. ഐ.-കളിലാണ് ഈ കോഴ്സ് ആരംഭിക്കുന്നതിന് നടപടി പൂർത്തിയാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇത്തരത്തിൽ ആരംഭിക്കുന്ന കോഴ്സിന് എന്ത് യോഗ്യതയുള്ളവരെയാണ് അദ്ധ്യാപകരായി നിയമിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി) 'ഹോസ്പിറ്റൽ മാനേജ്മെന്റ്' എന്ന കോഴ്സ് എൻ.സി.വി.റ്റി.-യുടെ കീഴിൽ നിലവിലില്ല. എന്നാൽ ട്രേഡുകളുടെ നവീകരണത്തിന്റെ ഭാഗമായി 'ഹോസ്പിറ്റൽ ഹൗസ് കീപ്പിംഗ്' എന്ന കോഴ്സ് രണ്ട് ഐ. ടി. ഐ.-കളിൽ അനുവദിച്ചിട്ടുണ്ട്.

‡ അനുബന്ധം VIII 'എ' കാണുക.

** അനുബന്ധം VIII 'ബി' കാണുക.

LIBRARY ARCHIVES Kerala Legislative Assembly